**ഓം സായിരാം**

# പ്രശാന്തി സന്ദേശം

**പോഡ്കാസ്റ്റ്**

## ഉപാഖ്യാനം 63



എല്ലാവർക്കും സ്വാഗതം. ഈ എപ്പിസോഡുകൾ ശ്രദ്ധിക്കുന്നതിന് എല്ലാവരെയും നന്ദി അറിയിക്കുന്നു; നിങ്ങളുടെ സമയാസമയത്തുള്ള പ്രതികരണം ഞങ്ങൾക്ക് പ്രേരണയാണ്. വരുംനാളുകളിലും ദയവായി ഈ താത്പര്യം തുടർന്നാലും, കാരണം ഇത് ഉറപ്പായും സാധനയാണ്, നേരംപോക്കല്ല.

**വിവേകം, ജ്ഞാനം**(wisdom, jnana) മാത്രമാണ് ഉള്ളിലെ ദിവ്യത്വത്തിലേക്ക് നിങ്ങളെ നയിക്കുക അഥവാ ഈശ്വരസാക്ഷാത്കാരത്തിന് ഉതകുക എന്ന് അന്തിമമായി ശാസ്ത്രങ്ങൾ നിങ്ങളോട് പറയുന്നു. **കർമ്മയോഗം**, പ്രവൃത്തികൾ നിറയുന്ന കർമ്മമണ്ഡലം വിവേകം അഥവാ ജ്ഞാനത്തിലേക്ക് നയിക്കുന്നു. **ഭക്തിയോഗം** നിങ്ങളെ വിവേകം, ജ്ഞാനത്തിലേക്ക് കൊണ്ടുപോകുന്നു. അതിനാൽ, ജ്ഞാനമത്രേ അന്തിമമായത്. കർമ്മയോഗമാവട്ടെ, ഭക്തിയോഗമാവട്ടെ, അതെല്ലാം നിങ്ങളെ ആ പരമജ്ഞാനത്തിലേക്കുമാത്രമാണ് കൂട്ടിക്കൊണ്ടു പോവുന്നത്-യോഗം-**സമാധിയോഗ**വും. ശരി, വളരെ നന്ദി. നമുക്ക് ഇന്നത്തെ വിഷയത്തിലേക്ക് വരാം.

ഇന്നത്തെ വിഷയം **ദിനരാത്രങ്ങൾ**(Day and Night) ആണ്. പകൽ പ്രകാശവുമായി ബന്ധപ്പെട്ടതാണ്; രാവ് ഇരുളുമായും. അതുകൊണ്ട്, പകൽവേളയിൽ നാം വെളിച്ചം കാണുന്നു, രാത്രിയിലാവട്ടെ ഇരുട്ടും. ഇതാണ് രാപ്പകലുകളെപ്പറ്റിയുള്ള നമ്മുടെ സങ്കൽപ്പം. അഥവാ, ചിലരിങ്ങനെ പറയുന്നു: പ്രകാശത്തിന്റെ സാന്നിദ്ധ്യമാണ് പകൽ; പ്രകാശത്തിന്റെ അസാന്നിദ്ധ്യമാണ് രാവ്. ശരി, അങ്ങനെയുമിരിക്കട്ടെ.

ഇനി, നിങ്ങളുടെ ശ്രദ്ധ ക്ഷണിച്ച്, ഈ **പകലിരവുകളെപ്പറ്റി** ഏതാനും കാര്യങ്ങൾ ഞാൻ നിങ്ങളോട് സംസാരിക്കാനാഗ്രഹിക്കുകയാണ്. ശരി, ഈ വിഷയത്തിലേക്ക്

ആഴത്തിൽ പോകുന്നതിനുമുമ്പായി, സ്വാമിയുമൊത്തുള്ള എന്റെ ചില അനുഭവങ്ങളിലേക്ക് നിങ്ങളെ നയിക്കുന്നതിന് ഞാൻ ശക്തമായി പ്രേരിതനാവുന്നു.

പകലും രാവും, ഭഗവാൻ ശ്രീ സത്യസായി ബാബയ്ക്ക് ഇവ ബാധകമാണോ? അതെ. നാം അനുഭവിക്കുന്നതുപോലെയാണോ അവിടുന്നും പകലും രാവും അറിയുന്നത്? അല്ല എന്നാണ് എന്റെ ഉത്തരം. നിങ്ങൾ ചോദിച്ചേക്കാം, അതെങ്ങനെ നിങ്ങൾക്കറിയാം? ഒന്നാമതായി, ഞാനങ്ങനെ കരുതുന്നു. നിങ്ങളും എന്നോട് യോജിക്കുമെന്ന് എനിക്കുറപ്പുണ്ട്. ഭൂഗോളത്തിന്റെ ഈ ഭാഗം പകലാണെങ്കിൽ മറ്റേ അർദ്ധഗോളത്തിൽ രാത്രിയാവും. ഉദാഹരണത്തിന്, ഇവിടെ പ്രഭാതമായിരിക്കവെ പടിഞ്ഞാറൻദേശത്ത് സായാഹ്നമോ രാത്രിയോ ആവും.

അതിനാൽ, ഭൂമിയുടെ പരിക്രമണം സംബന്ധിച്ചിടത്തോളം രാവും പകലും വ്യത്യാസപ്പെടുന്നു. ഇവിടെ രാത്രിയായിരിക്കുമ്പോൾ, സമ്പൂർണ ഈശ്വരനായ ഭഗവാൻ ബാബ നാം ചെയ്യുന്നതുപോലെ, വിശ്രമിക്കുകയാണെന്ന് കരുതുകയാണെങ്കിൽ, വിശാലമായ പകൽവെളിച്ചമുള്ള പടിഞ്ഞാറോ? ആളുകളുടെ രക്ഷയ്ക്കായി അവിടുന്ന് അവിടെയും സന്നിഹിതനാകേണ്ടതുണ്ട്. ശരി, അവിടുന്ന് പകൽ അവിടെയാണെന്നിരിക്കട്ടെ, ഇവിടെ ഇന്ത്യയിൽ രാത്രി ആസന്നമായിരിക്കും. അപ്പോളിവിടെയോ? വീണ്ടും ഇവിടെത്തിയേ മതിയാകൂ. അതുകൊണ്ട് സ്വാമിയെ ഞാനിങ്ങനെയാണ് കരുതുന്നത്-അവിടുന്ന് പ്രകാശമാണ്, വെളിച്ചം, വെളിച്ചം തന്നെ, പകലൊക്കെ ഭഗവാൻ ബാബ തന്നെ. ഇനിയും ഇരുട്ട് എന്ന ഒന്നില്ല, കാരണം രണ്ട് അർദ്ധഗോളങ്ങളിലും അവിടുന്ന് സന്നിഹിതനായേ പറ്റൂ.

നിരവധി സംഭവങ്ങൾ നമുക്കറിയാം. ഞാനൊരു ദൃഷ്ടാന്തം തരാം. പാതിരാത്രി ആവാറായിരുന്നു. ശിവരാത്രി ആഘോഷത്തിന് പങ്കുചേരുന്നതിന് ഹിസ്ലോപ് കാറിൽ പ്രശാന്തിനിലയത്തിലേക്ക് വരികയായിരുന്നു. നഞ്ചലയിലെ ഇടതൂർന്ന കാട്ടിലൂടെ കടന്നുപോരേണ്ടതുണ്ടായിരുന്നു അദ്ദേഹത്തിന്. രാത്രി വൈകിയ നേരം. അങ്ങേയറ്റത്തെ ദൗർഭാഗ്യവശാൽ കാർ ബ്രേക്ക് ഡൗണായി. അത് നന്നാക്കിയെടുക്കാനായി അദ്ദേഹം വളരെ പാടുപെട്ടു. ഏറെനേരം പണിപ്പെട്ടെന്നാലും അദ്ദേഹത്തിനത് റിപ്പയർ ചെയ്യാനായില്ല. നിരാശ്രയനായി അദ്ദേഹം സ്വാമിയുടെ സഹായം തേടി, പ്രാർത്ഥിക്കാൻ തുടങ്ങി.

ഭാഗ്യമെന്നു പറയട്ടെ, അതേ റോഡിലൂടെ ഒരു ലോറി കടന്നുവരാനിടയായി. ലോറി ഡ്രൈവർ ലോറിയിൽനിന്നും താഴെയിറങ്ങിയിട്ട് പറഞ്ഞു, "സർ, ഞാൻ താങ്കളെ സഹായിക്കാം." അയാൾ സഹായിച്ചു, ഹിസ്ലോപ്പിന് പ്രശാന്തിനിലയത്തിലേക്ക് കാറോടിക്കാൻ പറ്റി.

ശരി, അദ്ദേഹം അവിടെയെത്തി വി.ഐ.പി.കൾക്കൊപ്പം വരാന്തയിലിരുന്നു. സ്വാമി അദ്ദേഹത്തിന്റെ സമീപമെത്തി തിരക്കി, "ഹിസ്ലോപ്, സുഖമാണോ?"

"സുഖം, സ്വാമീ. ഇവിടെ ശിവരാത്രിക്ക് വരാനായതിൽ എനിക്ക് വളരെ സന്തോഷമുണ്ട്."

ഭഗവാൻ പറഞ്ഞു, "നിന്റെ ഡ്രൈവറിനെക്കുറിച്ച് പറയാത്തതെന്ത്?"

"ഓ, സ്വാമീ. ഡ്രൈവറുടെ കാര്യം ഞാൻ മറന്നുപോയി. നഞ്ചലയിൽനിന്നും പ്രശാന്തി നിലയത്തിലേക്ക് കാറോടിക്കുമ്പോൾ, കാർ ബ്രേക്ക് ഡൗണാവുകയും ഒരു ഡ്രൈവറെത്തി എന്നെ സഹായിക്കുകയും ചെയ്തു."

സ്വാമി ചിരിച്ചുകൊണ്ട് പറഞ്ഞു, "ഡ്രൈവറല്ല. ഞാനാണവിടെ വന്നത്. ഡ്രൈവറുടെ രൂപത്തിൽ അവിടെയെത്തി നിന്റെ കാർ നന്നാക്കിയത് ഞാനാണ്."

"ഹോ!"

എന്നിട്ട് സ്വാമി വെളിപ്പെടുത്തി, "നീയെന്നോട് കുറച്ചുകൂടി നേരത്തേതന്നെ അപേക്ഷിച്ചിരുന്നുവെങ്കിൽ, കാർ ബ്രേക്ക് ഡൗണായ നിമിഷംതന്നെ ഞാൻ നിന്നെ സഹായിച്ചേനേ, നിനക്ക് ഒന്നോ രണ്ടോ മണിക്കൂർ മുമ്പുതന്നെ സുഖമായി പ്രശാന്തിനിലയത്തിൽ എത്താമായിരുന്നു." സ്വാമി പുഞ്ചിരിച്ചു.

നമുക്കെല്ലാവർക്കും രാത്രിയാണ്, അതും പാതിരാത്രിയാണെന്ന് നിങ്ങളെ അറിയിക്കുന്ന സംഭവമാണിത്. ആരും ഉണർന്നിരിപ്പുണ്ടാവില്ല. പക്ഷേ, സ്വാമിയല്ലാതെ

ആർക്ക് അവിടെ പോയി ഹിസ്ലോപ്പിനെ രക്ഷപ്പെടുത്തി ഇവിടെത്തിക്കാനാവും? അപ്പോൾ, സ്വാമിക്കെന്തു രാത്രി? ഇല്ല.

കാലിഫോർണിയയിലെ ചാൾസ് പെൻ റിപ്പോർട്ട് ചെയ്തതും നമുക്കറിയാം. എന്നും അതിരാവിലെ സ്വാമി അദ്ദേഹത്തിനു മുമ്പാകെ പ്രത്യക്ഷനായി ധ്യാനം പഠിപ്പിച്ചുകൊടുത്തു. അവിടെ നേരം അതിരാവിലെയായിരിക്കുമ്പോൾ, ഇവിടെ സായാഹ്നമോ രാത്രിയോ ആവും. പക്ഷേ, സ്വാമി സ്വശരീരത്തിലാണ് അവിടെ പ്രത്യക്ഷനായത്. ചാൾസ് പെൻ രചിച്ച പുസ്തകം വായിച്ചാലും.

അതുകൊണ്ട്. സ്വാമിക്ക് പകലെന്ത്, സ്വാമിക്ക് രാവെന്ത്, നമുക്കത് പറയാനാവില്ല. സ്വാമിയുടെ മഹാരാഷ്ട്രാ സംസ്ഥാനത്തെ ഹഡ്ഷി സന്ദർശനത്തെപ്പറ്റിയും ഞാൻ ഓർക്കുകയാണ്. പതിവുപോലെ ഞാൻ സ്വാമിയെ അനുഗമിച്ചിരുന്നു. രാത്രിയിൽ, സ്വാമി ഉറങ്ങുന്ന അതേ മുറിയിൽത്തന്നെ ഉറങ്ങാനായി ഒന്നുരണ്ട് ഭക്തർക്ക് അവസരം കിട്ടിയിരുന്നു. ഒരു വി.ഐ.പി. വന്ന് എന്നോട് തിരക്കി, "അനിൽകുമാർ, ഞങ്ങളൊരു അവസരം തരാം. താങ്കൾക്കെന്തുകൊണ്ട് സ്വാമിയുടെ മുറിയിൽ പോയി കിടന്നുകൂടാ?"

ഞാൻ പറഞ്ഞു, "ക്ഷമിക്കണം സാർ, ദയവായി എന്നോട് ക്ഷമിച്ചാലും. കാരണമെന്താണെന്നു വച്ചാൽ, ഞാൻ കൂർക്കം വലിക്കും, അത് സ്വാമിയുടെ ഉറക്കത്തിന് തടസ്സമാവും. അതുകൊണ്ട്, ദയവായി, ദയവായി, എന്നെ ഒഴിവാക്കൂ."

ഞാനങ്ങനെയാണ് ആ ചുമതലയിൽനിന്ന് രക്ഷപ്പെട്ടത്. അതൊരു അപൂർവാവസരം, ഒരു അനുഗ്രഹം ആയിരിക്കെ എന്തിനാണ് ഞാൻ 'രക്ഷപ്പെട്ടത്' എന്ന വാക്കുപയോഗിച്ചത് എന്തിനാണ്? 'രക്ഷപ്പെട്ടത്' എന്ന വാക്ക് എന്തിനുപയോഗിക്കണം? സ്വാമി ഒരിക്കലും ഉറങ്ങാറില്ല എന്ന് സ്വാമി ഉറങ്ങുന്ന മുറിയിൽത്തന്നെ ഉറങ്ങാൻ മുമ്പ് അവസരം ലഭിച്ചിട്ടുള്ള ഭക്തരിൽനിന്ന് എനിക്ക് അറിവുണ്ടായിരുന്നു. അവിടുന്ന് കിടക്കയിൽ തിരിഞ്ഞും മറിഞ്ഞും കിടക്കും. അവിടുന്ന് എപ്പോളാണ് ഉണരുകയെന്ന് ആർക്കും ഊഹിക്കാനാവില്ല, അതിനാൽ നാമെപ്പോഴും ഉണർന്ന് ജാഗ്രതയോടെയിരിക്കണം. ഇതാണ് അവർ പറഞ്ഞത്; അവർ പറഞ്ഞതൊക്കെ എന്റെ കാതുകളിൽ മുഴ

ങ്ങുന്നുണ്ടായിരുന്നു. അതുകൊണ്ട്, ഉറക്കത്തിൽ കൂർക്കം വലിക്കുന്ന ശീലക്കാരനായ എനിക്ക് രക്ഷപ്പെടാനായി.

നാം അർത്ഥമാക്കുന്നപോലെ, നാം ഉറങ്ങുന്ന രീതിയിൽ, സ്വാമി ഉറങ്ങാറില്ലയെന്ന് നിങ്ങളെ ധരിപ്പിക്കുക മാത്രമാണ് എന്റെ ഉദ്ദേശ്യം, കാരണം അവരെന്നെ ധരിപ്പിച്ചത് സ്വാമി കിടക്കയിൽ തിരിഞ്ഞും മറിഞ്ഞും കിടക്കുകമാത്രമാണെന്നാണ്. സ്വാമിതന്നെ ഒരിക്കൽ അരുളുകയുണ്ടായി, "ഞാൻ എന്റെ മുറിയിലെ വിളക്കുകൾ അണയ്ക്കും. എന്തിനെന്നോ? ഞാനുടനെ ഉറങ്ങാൻ പോകുമെന്ന് അതിനർത്ഥമില്ല...ഇല്ല. ഞാൻ വിളക്കണയ്ക്കാതിരുന്നാൽ, ഭക്തർ ഇവിടെനിന്ന് പോകില്ല. അവരിവിടെ നിൽക്കും. അവർ കാത്തുകാത്ത് നിൽക്കും. പതിവുക്രമം തെറ്റിക്കാൻ എനിക്കാഗ്രഹമില്ല. അവരുടെ അത്താഴം താമസിപ്പിക്കാൻ ഞാനാഗ്രഹിക്കുന്നില്ല. അവരിവിടെ ചുറ്റിക്കറങ്ങുന്നതും എനിക്കിഷ്ടമല്ല. അവർ പോയി വിശ്രമിക്കണമെന്നാണ് ഞാനാഗ്രഹിക്കുന്നത്. അതുകൊണ്ടാണ് ഞാൻ വിളക്കുകൾ അണയ്ക്കുന്നത്." അവിടുന്ന് അരുളി. ഇത് സൂചിപ്പിക്കുന്നത് സ്വാമിക്ക് ഇരുളും വെളിച്ചവും, പകലും രാവും ഒന്നുമില്ലെന്നാണ്.

എങ്കിൽ, സ്വാമി ആരാണ്? മറുവിധത്തിൽ, അവിടുന്ന് തേജസ്സാണെന്ന് ഞാൻ പറയും. അവിടുന്ന് പ്രകാശമാണ്, പകലുടനീളം രാവെന്നൊന്ന് ഇല്ല. അവിടുന്ന് പ്രകാശമാണ്. അവിടുന്ന് തേജസ്സാണ്, അവിടുന്ന് ദീപ്തിയാണ്. അവിടുന്ന് ആ പ്രഭാപൂരമാണ്. അതിനാൽ, എന്റെ വ്യാഖ്യാനപ്രകാരം, അവിടുന്ന് വെളിച്ചമാണ്, അവിടുന്നിന് രാവോ ഇരുളോ ഇല്ലതന്നെ.

ശരി, ഞാനിനിയും ചില വേദവ്യാഖ്യാനം തരാം. രാവിന്റെയും പകലിന്റെയും ശാസ്ത്രഗ്രന്ഥ വ്യാഖ്യാനം കേവലം ശബ്ദാർത്ഥപ്രകാരമല്ല. നാമവ കേവലാർത്ഥത്തിലെടുക്കരുത്. അത് പ്രതീകാത്മകമാണ്, ആലങ്കാരികമാണ്. അത് ബിംബാത്മകമാണ്, അക്ഷരാർത്ഥത്തിലേയല്ല.

അതിനാൽ, എന്താണ് ശാസ്ത്രഗ്രന്ഥങ്ങൾ പറയുന്നത്? രാവും പകലും കേവലം കാവ്യസങ്കല്പങ്ങളാണ്, അത്രമാത്രം. അപ്പോൾ, ശാസ്ത്രവ്യാഖ്യാനങ്ങളനുസരിച്ച് പകലെന്താണ്, രാവെന്താണ്? ശരി, ഞാനതിങ്ങനെ പറയാം: രാത്രിയിൽ, സ്വാഭാവികമായും ഇരുട്ടായതുകാരണം നാം ഒന്നും കാണുന്നില്ല. രാത്രി ഒന്നിനെയും തിരിച്ചറിയാ

ത്തവണ്ണം, ഒന്നിനെയും കാണാനാവാത്തവിധം, ഇരുണ്ടതാണ്. എന്താണിതിന്റെ അർത്ഥം? രാത്രിയെന്നാൽ, ഇരുട്ടിലായതിനാൽ നിങ്ങളൊന്നും കാണുന്നില്ല, പ്രത്യേകിച്ച് പരമാത്മതത്വത്തെ, ആത്മീയതയെ, ആത്മബോധത്തെ നിങ്ങൾ ദർശിക്കുന്നില്ല. ആ രാത്രി നമുക്കെല്ലാവർക്കും ഇരുണ്ടതാണ്. ഞാനൊന്നുകൂടി പറഞ്ഞോട്ടെ, എന്റെ സുഹൃത്തുക്കളേ, നമുക്കെല്ലാവർക്കും, ഒന്നും വേർതിരിച്ചറിയാനാവാതെ ഇരുണ്ടത് എന്നുവച്ചാലെന്താണ്? നാം കണ്ടെത്തുന്നില്ല എന്നതിന്റെ, നാം അന്വേഷിക്കുന്നില്ല എന്നതിന്റെ, നാം ആത്മാവിനെ, നമ്മുടെ പ്രജ്ഞയെ ഗ്രഹിക്കുന്നില്ല എന്നതിന്റെ സൂചകമത്രേ ഇരുട്ട്. നമ്മുടെയെല്ലാം രാത്രി അതാണ്.

അതുകൊണ്ട്, രാത്രി എന്നാൽ അജ്ഞാനമെന്നാണർത്ഥം, നമ്മുടെ പ്രജ്ഞയെപ്പറ്റിയോ നമ്മുടെ ആത്മാവിനെപ്പറ്റിയോ അവബോധമില്ലാത്ത അവസ്ഥ. 'രാത്രികൾ ഇരുണ്ടതാണ്' എന്ന് ശാസ്ത്രഗ്രന്ഥങ്ങൾ പറയുന്നതിന്റെ അർത്ഥമിതാണ്. പക്ഷേ, നിങ്ങൾ തിരിച്ചറിയാത്ത, ജാഗ്രത്തല്ലാത്ത ഇരുണ്ട രാത്രി നിങ്ങൾക്കാണ്; ആത്മാന്വേഷകന്, യോഗിക്ക് അത് പകലാണ്, പ്രകാശമാണ്. പകലെന്നാൽ പ്രകാശം. എന്തുകൊണ്ടാണത് അദ്ദേഹത്തിന് പ്രകാശം അഥവാ പകലാവുന്നത്? എന്തുകൊണ്ടെന്നാൽ, അദ്ദേഹത്തിന് ഇന്ദ്രിയനിയന്ത്രണമുണ്ട്, സദാ ആത്മനെപ്പറ്റിയും ആന്തരസത്തയെപ്പറ്റിയും വിചാരമുണ്ട്, വിഷയവസ്തുക്കളൊന്നും തന്നെ ബാധിക്കുന്നതേയില്ല. അതിനാൽ അദ്ദേഹം ഉണർന്നിരിക്കുന്നു. അതാണ് പകൽ.

അതിനാൽ, പകൽ എന്നാൽ നിങ്ങൾ ജാഗ്രത്തായിരിക്കുന്ന വേള, നിങ്ങൾ അവബോധത്തോടെയിരിക്കുന്ന സമയം, നിങ്ങൾ ഉണർന്നിരിക്കുന്ന സമയം, ശുദ്ധപ്രജ്ഞ, വിഷയവസ്തുക്കളോടുള്ള നിസ്സംഗതയാണ്. യോഗിയുടെ, ആത്മാന്വേഷകന്റെ ദൃഷ്ടിയിൽ അതാണ് പകൽ. ആദ്ധ്യാത്മികമാനത്തിൽ രാവും പകലും തമ്മിലുള്ള ഈ വ്യത്യാസം, ഇത് നാം മനസ്സിലാക്കണം. മറ്റു രീതിയിൽ പറഞ്ഞാൽ, ആത്മീയപുരുഷന്മാർ എല്ലായ്പോഴും ആത്മനെപ്പറ്റിയും പ്രജ്ഞയെക്കുറിച്ചുമാവും ചിന്തിക്കുക, അത്രമാത്രം. "ശാശ്വത ഉദ്ഗ്രഥിതാവബോധം(constant integrated awareness)" എന്നാൽ ഇതാണ്; നേരെമറിച്ച് സാധാരണക്കാർ ഇതിൽ അജ്ഞരാണ്. അവർക്ക് ജാഗ്രതയേയില്ല. അതാണവരുടെ ഇരുട്ട് അഥവാ രാത്രി. കൂടുതൽ വ്യക്തമാക്കാൻ എനിക്കായി എന്ന് ഞാൻ കരുതുന്നു.

ഒരു അജ്ഞാനിയായ മനുഷ്യന് പ്രജ്ഞയെപ്പറ്റി, ദൈവികതയെപ്പറ്റി ഗ്രാഹ്യമില്ല, നിയന്ത്രണമില്ല, ആദ്ധ്യാത്മികവിഷയങ്ങളെപ്പറ്റി അറിവേയില്ല. അതിനാൽ ആ അജ്ഞനായ മനുഷ്യൻ ഇരുട്ടിലാണ്, രാത്രിയിലാണ്. അയാളെന്തു ചെയ്യാൻ? അയാൾ ഉറങ്ങും, അത്രമാത്രം. കാരണം, അയാൾ സകല ആദ്ധ്യാത്മികവശങ്ങളെയും അവഗണിച്ചയാളാണ്. ഒരു അജ്ഞാനിയായ മനുഷ്യനെ സംബന്ധിച്ചിടത്തോളം രാത്രി അതാണ്. അജ്ഞാനിയായ മനുഷ്യന്റെ ഇരുണ്ട രാത്രി ജ്ഞാനിയുടെ, വിവേകിയുടെ പകലാണ്. എന്തുകൊണ്ട്? സ്ഥായിയായ ആത്മവിചാരത്തിലാണ് അദ്ദേഹത്തിന്റെ ജീവിതം. അദ്ദേഹം തന്റെ പ്രജ്ഞയെപ്പറ്റി ബോധവാനാണ്. ആ പ്രജ്ഞ നിങ്ങളുടെ അനുഭവത്തിലെത്തുന്നതിനെപ്പറ്റിയാണ് അദ്ദേഹം സദാ ചിന്തിക്കുന്നത്. സമസ്തപ്രപഞ്ചവും ദിവ്യത്വമല്ലാതെ മറ്റൊന്നുമല്ലെന്ന് അദ്ദേഹത്തിന് സദാ ബോധ്യമുണ്ട്. അക്കാരണത്താൽ, ആത്മീയപുരുഷന് അഥവാ ജ്ഞാനിക്ക് അത് പകലാണ്.

ആയതിനാൽ, ഇവിടെ പകലെന്നാൽ പ്രജ്ഞയെപ്പറ്റിയുള്ള അവബോധമാണ്; രാത്രി എന്നാൽ ആത്മാവ് അഥവാ ചേതന അഥവാ പ്രജ്ഞയെപ്പറ്റിയുള്ള അജ്ഞതയത്രെ. ഇതാണ് ശാസ്ത്രഗ്രന്ഥങ്ങൾ പറയുന്നത്.

മറ്റുതരത്തിൽ പറഞ്ഞാൽ, അജ്ഞാനികൾ ഉറക്കമാണെന്നു പറഞ്ഞാൽ അതിനർത്ഥം, ഈശ്വരത്വത്തെ സംബന്ധിച്ചിടത്തോളം അവർ ഗാഢനിദ്രയിലാണെന്നാണ്. അതാണ് രാത്രി; നേരെമറിച്ച് ഒരു ജ്ഞാനിയായ മനുഷ്യൻ, വിവേകിയായ മനുഷ്യൻ, ഉണർന്നിരിക്കുന്നു, പ്രബുദ്ധനായി ഇരിക്കുന്നു. എന്തുകൊണ്ട്? സമസ്ത ലോകവും ഒരു മായയാണെന്ന് അയാൾക്കറിയാം. അതൊരു പുരാവൃത്തമാണ്. വിഷയവസ്തുക്കളിൽ അയാൾക്ക് താത്പര്യമില്ല. അയാൾക്ക് ഇന്ദ്രിയനിയന്ത്രണമുണ്ട്. അതുകൊണ്ട്, അയാൾ ഇന്ദ്രിയവസ്തുക്കളിൽ അജ്ഞനാണ്. അയാൾക്ക് ഉത്കണ്ഠകളില്ല; അയാൾക്ക് ക്ലേശമില്ല.

അതുകൊണ്ട്, എന്താണ് അജ്ഞാനിയായ മനുഷ്യന്റെ പകൽ? എന്താണ് ജ്ഞാനിയുടെ പകൽ? അജ്ഞാനിയായ മനുഷ്യന്റെ രാത്രി എന്താണ്? ജ്ഞാനിയുടെ രാത്രി എന്ത്? ഇതിനോടകം ഞാൻ വ്യക്തമാക്കിയെന്നു കരുതുന്നു.

ഇങ്ങനെയും പറയാനാവും: അജ്ഞാനിയായ മനുഷ്യൻ പകൽ, വെളിച്ചമുള്ളിടത്ത്, സദാ വിഷയവസ്തുക്കളിൽ മുഴുകി സമയം പോക്കുന്നു; എന്നാൽ സ്ഥിതപ്രജ്ഞൻ

അതെപ്പറ്റി ഉത്കണ്ഠപ്പെടുന്നില്ല. അതിനാൽ, അയാൾ ഉറക്കത്തിലാണ്. സ്ഥിതപ്രജ്ഞൻ ഉറങ്ങുമ്പോൾ, എന്നുവച്ചാൽ പ്രജ്ഞയിൽ പൂർണ്ണജാഗ്രതയും ബോധവുമുള്ളവനായിരിക്കുമ്പോൾ, ആ വിവേകിയായ മനുഷ്യനെ സംബന്ധിച്ച് അത് രാത്രിയാണ്, നേരെമറിച്ച് അജ്ഞാനിക്ക് അത് പകലാണ്, കാരണം, അയാൾ തന്റെ സമയം മുഴുവനും വിഷയവസ്തുക്കളിലാണ് ചെലവിടുന്നത്, നാമരൂപങ്ങളുള്ള വസ്തുക്കളുടെ പുറകെ പാഞ്ഞ്. അതിനാൽ, ശാസ്ത്രങ്ങൾ വ്യക്തമായി പറയുന്നു, അജ്ഞാനിക്ക് രാത്രിയെന്തോ അത് ജ്ഞാനിക്ക് പകലാണ്.

നേരെമറിച്ചും ശരിയാണ്: ജ്ഞാനിക്ക് പകലെന്താണോ, അജ്ഞാനിക്കത് രാവാണ്.
എത്ര ലക്ഷണയുക്തമായ വിശദീകരണമാണത്. ഈ കാവ്യാത്മകമായ ആവിഷ്കരണം വ്യാസമഹർഷി എത്ര ഭംഗിയായാണ് തന്നിരിക്കുന്നത്! എന്നാൽ, നിർഭാഗ്യവശാൽ നാമെല്ലാവരും കണ്ണട ധരിച്ച് അതിലൂടെ കാണുന്നു, മനസ്സ്, ബുദ്ധി, ശരീരം എന്നിവയുടെ ലോകത്തെ ദർശിക്കുന്നു. നമ്മുടെ മനസ്സിന്റെ ചട്ടക്കൂട് അങ്ങനെയാണ്: മനസ്സ്, ബുദ്ധി, ശരീരം(mind, Intellect and body). നാമെല്ലാം കണ്ണട ധരിച്ചുകൊണ്ട് കാര്യങ്ങളെ നോക്കിക്കാണുന്നു.

സ്വാഭാവികമായും എന്തു സംഭവിക്കും, കണ്ണട നിങ്ങൾക്ക് നിറക്കാഴ്ച തരും, ശരിയായ പരിപ്രേക്ഷ്യത്തിലാവില്ല. നമ്മൾ ആധുനികബുദ്ധിയുടെ വിവരശേഖരണോദ്യമത്തിലായതുകൊണ്ടാവാം, അതുകൊണ്ട് അവിടുത്തെ കാവ്യാത്മക സൗന്ദര്യം നുകരാൻ നാം ശക്തരല്ല. അതിനാൽ, അജ്ഞാനിയായ മനുഷ്യൻ വസ്തുക്കൾക്കുമേൽ തന്റെ മനോവർണ്ണം പൂശിയിട്ട് തന്റെ മനസ്സിന്റെ അപൂർണ്ണതകൾ ആ വസ്തുവിന്റെ പോരായ്മകളായി ഗ്രഹിക്കുന്നു. മറ്റു രീതിയിൽ പറഞ്ഞാൽ, അയാൾ ന്യൂനതകൾ ദർശിക്കുന്നു. എന്തുകൊണ്ട്? കാരണം മനോവർണം. മനോവർണത്തിനു നിദാനം കാഴ്ചയാണ്, മനക്കണ്ണടയിലൂടെയുള്ള കാഴ്ച. അതാണത്.

അപ്പോൾ, എല്ലാം നിറമുള്ളതായി തോന്നിപ്പിക്കുന്നത് ഗ്ലാസ്സിന്റെയോ ബാൻഡിന്റെയോ തകരാറാണ്. ശരീരം, മനസ്സ്, ബുദ്ധി ഈ മാദ്ധ്യമത്തിലൂടെ ലോകത്തെ നാം തിരിച്ചറിയുമ്പോൾ, ലോകത്തെ അപൂർണ്ണമായി നാം കാണുന്നു. ഈ വസ്തുത ദയവായി ശ്രദ്ധിച്ചാലും. ലോകം ന്യൂനതയുള്ളതായി തോന്നിക്കുന്നതിനു കാരണം നാം ശരീരമനോബുദ്ധ്യുപാധികളിലൂടെ വീക്ഷിക്കുന്നതാണ്.

ലോകം പൂർണമല്ല, അല്ല! ഉപാധിയുടെ മാലിന്യം കൊണ്ടാണത്. എന്താണാ മാലിന്യം? മനസ്സ്, ശരീരം, ബുദ്ധി. എന്നാൽ, ഒരു വിവേകിയായ മനുഷ്യൻ, ജ്ഞാനത്തിൽ വേരൂന്നിയ ഒരു മേധാവി, തന്റെ കാഴ്ചയുടെ വാതായനങ്ങൾ തുറന്നിടുകയും ജ്ഞാനദൃഷ്ടിയിലൂടെ ലോകത്തെ വീക്ഷിക്കുകയും ചെയ്യുന്നു. വിവേകത്തിന്റെ കണ്ണുകളുപയോഗിച്ച് കാണുമ്പോൾ, എല്ലാം പൂർണ്ണമായി അദ്ദേഹം കാണുന്നു; നേരെ മറിച്ച്, സ്വാർത്ഥനിഷ്ഠനായ ആ നശ്വര മനുഷ്യൻ സൂക്ഷ്മഗ്രഹണലോകത്തേക്കുണരാതെ ഉറങ്ങുന്നു.

ഇതേസമയം, സ്ഥിരപ്രജ്ഞൻ ഇതേ കാര്യം ആസ്വദിച്ച് ജീവിക്കുന്നു. പരിമിതാനുഭവങ്ങളുടെ സ്വാർത്ഥജീവിതത്തിൽ അഹം അനുഭവിക്കുന്ന ഹർഷങ്ങളും ക്ലേശങ്ങളും പൂർണ്ണനായവൻ കാണുകയോ അനുഭവിക്കുകയോ ചെയ്യുന്നില്ല. മറ്റുവിധത്തിൽ പറയുകയാണെങ്കിൽ, അജ്ഞനായവനെ പുളകം കൊള്ളിക്കുന്നതൊന്നും ജ്ഞാനിയെ സന്തോഷിപ്പിക്കില്ല. ശാസ്ത്രഗ്രന്ഥങ്ങളിലെ വ്യാഖ്യാനം സംബന്ധിച്ചിടത്തോളം, പകലും രാവും തമ്മിലുള്ള വ്യത്യാസം ഇതാണ്.

ഇനി, സ്വാമിയെ പരാമർശിച്ചുകൊണ്ട് ഞാൻ മുമ്പു പറഞ്ഞതിന്റെ പശ്ചാത്തലത്തിൽ നിങ്ങളുടെ ശ്രദ്ധ ക്ഷണിക്കുന്നതിന് ഞാനാഗ്രഹിക്കുന്നു. ഇനി, പകലും രാവും സ്വാമിയുടെ കാഴ്ചപ്പാടിൽ, പ്രതീകാത്മകമായ സംഗതിയായി എടുക്കേണ്ടെന്നു വയ്ക്കാം, വേണ്ട! എന്തുകൊണ്ട്? ഓരോന്നും തേജസ്സാണ്. പ്രകാശം സ്വാമിയാണ്, സ്വാമി പ്രകാശമാണ്. അവിടുന്ന് സദാ ജ്ഞാനസ്വരൂപത്തിലാണ്, അതുകൊണ്ട് അവിടുന്ന് ഒരുതരം വൈജാത്യവും കാണുന്നില്ല, കാരണം അവിടുന്ന് ജ്യോതിയാണ്. അതിനാലാണ് ആദിശങ്കരൻ ഇപ്രകാരം അരുളിയത്: രാത്രിയും അന്ധകാരവും, നിങ്ങളുടെ അറിവിലേക്കായി. അന്ധകാരത്തിൽ ഒന്നും കാണപ്പെടുന്നില്ല, ഒരുവനും ഒന്നും മനസ്സിലാക്കാനാവില്ല, അജ്ഞാനികളുടെ, ലൗകികരുടെ രാത്രിയാണത്; എന്നാൽ, ജ്ഞാനിയെ സംബന്ധിച്ച്, വിവേകിയെ സംബന്ധിച്ച്, അത് പകലാണ്, വിശാലമായ പകൽവെളിച്ചമാണ്, കാരണം അയാളതിന്റെ ആദ്ധ്യാത്മികമാനത്തെപ്പറ്റി ബോധവാനാണ്. അദ്ദേഹം സകലയിടത്തും ദൈവികത്വം ദർശിക്കുന്നു.

ഒരു ഉദാഹരണം നിങ്ങളോട് പറയാം. മൂങ്ങയെ നോക്കുക. ഒരു മൂങ്ങ അല്ലെങ്കിൽ പൂച്ച, രാത്രിയിലാവും വസ്തുക്കളെ കൂടുതൽ നന്നായി കാണുക. അതിനർത്ഥം,

നമ്മുടെ പകൽ മൂങ്ങയ്ക്ക് അല്ലെങ്കിൽ പൂച്ചയ്ക്ക്, രാത്രിയാവും; എന്നാൽ, മൂങ്ങയ്ക്ക് അഥവാ പൂച്ചയ്ക്ക് രാത്രിയാവുന്നത് നമ്മെ സംബന്ധിച്ച് പകലാണ്. നമുക്ക് പകൽ കണ്ണുകാണാമെങ്കിൽ, അവയ്ക്ക് കാണാനാവില്ല. അവ രാത്രിയിൽ കാണുമ്പോൾ, നമുക്കതിന് പറ്റുന്നില്ല. ആയതിനാൽ, മൂങ്ങയ്ക്കും പൂച്ചയ്ക്കും അതുപോലെയുള്ള മറ്റ് മൃഗങ്ങൾക്കും പകലും രാത്രിയും വ്യത്യസ്തമാണ്. അവയ്ക്ക് രാത്രിയിലാണ് വ്യക്തമായ കാഴ്ച; നമുക്കത് പറ്റില്ല. അതുകൊണ്ട്, ഒരു മൂങ്ങാ രാത്രിയിൽ ഇങ്ങനെ പറഞ്ഞേക്കാം, "എനിക്ക് കാണാനാവുന്നതുകൊണ്ട് എനിക്കിത് പകലാണ്." അപ്പോൾ നാം പറയും, "മിണ്ടാതിരി! എനിക്ക് കാണുന്നില്ല, ഇത് രാത്രിയാണ്." "ഇത് എനിക്ക് പകലാണ്" എന്ന് ഞാൻ പറയുമ്പോൾ, മൂങ്ങാ പറയും, "നീ മിണ്ടാതിരി! കാരണം, എനിക്ക് കാണുന്നില്ല." അതിനാൽ, ഇതാണ് അജ്ഞാനിയായവനും ജ്ഞാനി അഥവാ ആദ്ധ്യാത്മികവിവേകമുള്ളവനും തമ്മിലുള്ള വ്യത്യാസം.

ഇനി, സ്വാമിയുടെ ജീവിതത്തിന്റെ വെളിച്ചത്തിൽ അന്തിമമായി ഉപസംഹരിക്കാം, 'രാത്രി' എന്ന ഒന്നേയില്ല. പ്രജ്ഞാബോധമില്ലാതിരിക്കുക എന്നൊന്നില്ല. ശരിക്കും പറഞ്ഞാൽ, നമ്മളും അതാണ്. എന്റെ സ്വന്തം പ്രജ്ഞ, എന്റെ സ്വന്തം ആത്മാവ്, എന്റെ ആത്മൻ പ്രകാശമാണ്, ആനന്ദമാണ്. *ജ്യോതിഷാമപി തജ്ജ്യോതിസ്തമസ: പരമുച്യതേ* (ഗീത 13-17). "ഞാൻ പ്രകാശത്തിനും പ്രകാശമാണ്. ഞാൻ ആ ഉജ്ജ്വലദീപ്തിയത്രേ. സകലവ്യാപ്തവും സകലഭരിതവുമാണത്."

അതിനാൽ, ആദ്ധ്യാത്മികമായി പറയുകയാണെങ്കിൽ, നമ്മുടെതന്നെ ആത്മാവിനെപ്പറ്റി അഥവാ സ്വന്തം പ്രജ്ഞയെപ്പറ്റി അവബോധമുള്ളവരെന്ന നിലയ്ക്ക്, നാമെപ്പോഴും പകലിലാണ്, നാം സദാ പ്രകാശത്തിലാണ്. നമുക്കതിനെപ്പറ്റി അവബോധമില്ലെന്നുവരികിൽ നാം രാത്രിയിൽ അഥവാ അന്ധകാരത്തിലാണ്. ദിനരാത്രങ്ങളെപ്പറ്റി നമുക്കുണ്ടാവേണ്ട കൃത്യമായ യോജിച്ച വിശദീകരണം അതാണ്.

നമുക്കെല്ലാവർക്കും പ്രാർത്ഥിക്കാം, "ഓ ഭഗവാൻ! അവിടുന്ന് ജ്ഞാനസ്വരൂപനായി, സദാ പകലിലായിരിക്കുന്നതുപോലെ, വിശാലമായ പകൽവെട്ടത്തിലായിരിക്കുന്നതുപോലെ, അവിടുന്ന് ഞങ്ങളുടെ ഉള്ളിൽ വിളങ്ങുന്നതിനാൽ, ഞങ്ങളെയും ജ്ഞാനസ്വ

രൂപരാക്കി, പ്രജ്ഞാസ്വരൂപരാക്കി, സ്ഥായീ ഉദ്ഗ്രഥിതാവബോധമുള്ളവരാക്കി, സദാ പ്രകാശമാനരാക്കിത്തീർക്കേണമേ. രാത്രി, അജ്ഞാനം എന്നൊന്ന് ഇല്ലാത്തവണ്ണം.''

അതുകൊണ്ട്, വിവേകിയായവൻ ജീവന്മുക്തനത്രേ-ജീവിച്ചിരിക്കുമ്പോൾത്തന്നെ മുക്തി നേടിയവൻ. നേരേമറിച്ച്, അജ്ഞാനിയായവൻ ജീവന്മൃതനും; ജീവിക്കുന്നുണ്ടെങ്കിലും അവൻ മരിച്ചവനത്രേ.

ജീവിച്ചിരിക്കുമ്പോൾത്തന്നെ നാം മുക്തരാവുക! ''ജീവന്മുക്തർ'' ആയി, സ്ഥിരജ്ഞാനികളായി..

നിങ്ങൾക്ക് നന്ദി. വരുന്നയാഴ്ച വീണ്ടും കാണാം.

സായിരാം!

